# മോഡൽ പരീക്ഷ

## അടിസ്ഥാനശാസ്ത്രം

**ക്ലാസ് : 5** **സമയം : 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ**

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. തന്നിരിക്കുന്ന **എട്ട്** മൂല്യനിർണയ പ്രവർത്തനങ്ങളിൽ ഏതെങ്കിലും **ആറ്** പ്രവർത്തനങ്ങൾക്ക് മാത്രം ഉത്തരമെഴുതിയാൽ മതി.

**പ്രവർത്തനം 1**

a. കൊതുക്, ഈച്ച എന്നിവ പരത്തുന്ന രണ്ട് രോഗങ്ങളുടെ പേരെഴുതുക.

b. കൊതുകുനിവാരണത്തിന് ചെയ്യാവുന്ന ഏതെങ്കിലും രണ്ട് കാര്യങ്ങൾ എഴുതുക.

C. 'കൊതുകും ഈച്ചയും പൂർണമായും ഇല്ലാതായാൽ പിന്നീ ഭൂമിയിൽ ഒരു രോഗവും ഉണ്ടാവില്ല. ഈ പ്രസ്താവനയു സാധുത പരിശോധിക്കുക.പ്രവർത്തനം

**പ്രവർത്തനം 2**

'ബഹിരാകാശരംഗത്ത് ഇന്ത്യ' എന്ന വിഷയത്തിൽ നടക്കുന്ന ഒരു സെമിനാറിൽ നിങ്ങൾക്ക് ഇന്ത്യ ബഹിരാകാശരംഗത്ത ഒരു വൻശക്തിയാണെന്ന് സമർഥിക്കണം. ഇതിൽ അവതരപ്പിക്കാൻ ഇന്ത്യയുടെ ഈ രംഗത്തെ ഏതെങ്കിലും അഞ്ച നേട്ടങ്ങൾ എഴുതുക.

**പ്രവർത്തനം 3**

സുമ എന്നിവർ ചില ജീവികളെ തരംതിരിച്ചത് നോക്കൂ.

| രമ | | സുമ | |
|---|---|---|---|
| ഉരഗങ്ങൾ | ഉഭയജീവികൾ | ഉരഗങ്ങൾ | ഉഭയജീവികൾ |
| പാമ്പ്<br>മുതല<br>പല്ലി | തവള<br>സാലമാണ്ടർ<br>ആമ | അരണ<br>പാമ്പ്<br>ചീങ്കണ്ണി | തവള<br>സീസിലിയൻ<br>സാലമാണ്ടർ |

a) രമ, സുമ എന്നിവരിൽ ആരെങ്കിലും തരംതിരിച്ചതിൽ എന്തെങ്കിലും തെറ്റുണ്ടോ? ഉണ്ടെങ്കിൽ ഏത്?

b) മണ്ണിരയെ ഉരഗങ്ങളുടെ കൂട്ടത്തിൽ ചേർക്കാൻ പറ്റുമോ? എന്തുകൊണ്ട്?

**പ്രവർത്തനം 4**

ബഹിരാകാശ സഞ്ചാരികൾക്ക് ഉണ്ടാകുന്ന അനുഭവങ്ങളുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെ നൽകിയിരിക്കുന്നു.

a. ഭാരക്കൂടുതൽ അനുഭവപ്പെടുന്നു.

b. ശ്വസനോപകരണങ്ങളില്ലാതെ ശ്വസിക്കുവാൻ കഴിയുന്നില്ല.

C. ആയാസരഹിതമായി നടക്കുവാൻ കഴിയുന്നു.

d. കിടന്നുറങ്ങുമ്പോൾ ഉറപ്പിച്ച കട്ടിലിൽ ശരീരം ബെൽറ്റിട്ട് കെട്ടണം.

എ) തെറ്റുള്ള പ്രസ്താവനകൾ കണ്ടെത്തി എഴുതുക.

ബി) താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങളിലെ ബഹിരാകാശ സഞ്ചാരികൾ ആരെല്ലാം?



Pic. A



Pic. B

സി) രണ്ടാമത്തെ ബഹിരാകാശയാത്രയ്ക്കിടയിൽ കൊളമ്പിയ സ്പെയ്സ് ഷട്ടിലിനുണ്ടായ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ ബഹിരാകാശ യാത്രിക ആര്?

**പ്രവർത്തനം 5**

'പൂച്ചയ്ക്ക് ഇരുട്ടത്തും കാഴ്ചയുണ്ട്.' വിനോദിന്റെ അഭിപ്രായമാണിത്.

എ. നിങ്ങൾ ഈ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?

ബി. ഉത്തരം സാധൂകരിക്കുക.

സി. വിനോദിന്റെ അഭിപ്രായത്തിൽ തെറ്റുണ്ടെങ്കിൽ ഭേദഗതി ചെയ്ത് പ്രസ്താവന ശരിയാക്കുക.

**പ്രവർത്തനം 6**

(i) താഴെപ്പറയുന്നവയിൽ ഇന്ധനത്തിൽപ്പെടാത്തത് ഏത്?

A. മണ്ണെണ്ണ B. വിറക്

C. ഗ്യാസ് സ്റ്റൗ D. ഹൈഡ്രജൻ

(ii) ഒരു ഓഫീസിലെ എല്ലാ ജീവനക്കാരും സൈക്കിളിലാണ് ഓഫീസിലെത്തുന്നത്. ഇത് ഊർജസംരക്ഷണത്തിന് എങ്ങനെ സഹായിക്കുന്നു?


(iii) മെച്ചപ്പെട്ട വിറകടുപ്പിന്റെ രണ്ട് സവിശേഷതകൾ എഴുതുക.

**പ്രവർത്തനം 7**

'ജലം ഒരു സാർവികലായകമാണ് എന്നതിനർത്ഥം ജലത്തിന് എല്ലാ വസ്തുക്കളെയും ലയിപ്പിക്കാൻ കഴിയും എന്നാണ്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ?. വിശദമാക്കുക.

**പ്രവർത്തനം 8**

A. താഴെ നൽകിയിരിക്കുന്ന സന്ദർഭങ്ങളിൽ സൂര്യൻ, ഭൂമി, ചന്ദ്രൻ എന്നിവയുടെ സ്ഥാനം ക്രമീകരിച്ച് എഴുതുക.




B. ചന്ദ്രനും ഭൂമിയും അതാര്യമായതുകൊണ്ടാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവും ഉണ്ടാകുന്നത്. ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? വിശദീകരിക്കുക.